മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 31

# വാർത്താക്കുറിപ്പ്

---

- *പ്രതീക്ഷിക്കുന്നത് 664.66 കോടി രൂപ വരവും 729.52 കോടി രൂപ ചിലവും*
- *കാർബൺ ന്യൂട്രൽ, സമ്പൂർണ സൗരോർജ്ജ കാമ്പസ് പദ്ധതി നടപ്പാക്കും*
- *ഡോ. എ.ടി. ദേവസ്യയുടെ സ്മാരകമായി ജൈവ വൈവിധ്യ പാർക്ക്*
- *സർട്ടിഫിക്കറ്റുകൾ അതിവേഗം നൽകുന്നതിന് എക്സ്പ്രസ് ഡെലിവറി*
- *ഗവേഷണ വിദ്യാർഥികൾക്ക് ഡോ. സി.എൻ.ആർ റാവുവിന്റെ പേരിൽ ഇൻസെൻറീവ്*

## വിദ്യാർഥികൾക്കുള്ള പദ്ധതികൾക്ക് ഊന്നൽ നൽകി എം.ജി. സർവകലാശാലാ ബജറ്റ്

പഠന സാഹചര്യങ്ങളും വിദ്യാർഥികൾക്കുള്ള സേവനങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിന് പ്രാധാന്യം നൽകി മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2023- 24 സാമ്പത്തിക വർഷത്തെ ബജറ്റ്. പ്രോ -വൈസ് ചാന്സലർ ഡോ. സി.ടി. അരവിന്ദകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ ധനകാര്യ ഉപസമിതി കൺവീനർ ഡോ. ബിജു തോമസാണ് 664.66 കോടി രൂപ വരവും 729.52 കോടി രൂപ ചിലവും 64.86 കോടി രൂപ റവന്യൂ കമ്മിയും പ്രതീക്ഷിക്കുന്ന ബജറ്റ് അവതരിപ്പിച്ചത്.

സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനു ലക്ഷ്യമിട്ട് ചിലവു ചുരുക്കലിന് ശുപാർശ ചെയ്യുന്ന ബജറ്റ് 23 -24 വർഷം സാമ്പത്തിക അച്ചടക്കത്തിന്റെ കാലഘട്ടമായിരിക്കുമെന്ന് വ്യക്തമാക്കുന്നു.

കാർബൺ ന്യൂട്രൽ കാമ്പസുകൾ, സർട്ടിഫിക്കറ്റുകൾ അതിവേഗം ലഭ്യമാക്കുന്ന എക്സ്പ്രസ് ഡെലിവറി സംവിധാനം, ഗവേഷണ ഫലങ്ങൾ സംരംഭങ്ങളാക്കി മാറ്റുന്നതിന്

വിദ്യാർഥികൾക്ക് പിന്തുണ നൽകുന്ന പദ്ധതി, നൈപുണ്യ പരിപോഷണം, വിദ്യാർഥികൾക്കുള്ള ഇൻഫർമേഷന് ബുക്ക് എന്നിവയ്ക്കായി ആകെ 45 ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിരിക്കുന്നത്.

സർവകലാശാലാ കാമ്പസിനെയും അഫിലിയേറ്റഡ് കോളജ് കാമ്പസുകളെയും കാർബൺ ന്യൂട്രൽ നിലവാരത്തിലെത്തിക്കുന്നതിനുള്ള വിപുല പദ്ധതിയാണ് ബജറ്റ് വിഭാവനം ചെയ്യുന്നത്. സർവകലാശാലയുടെ ആദ്യ വൈസ് ചാൻസലറായിരുന്ന ഡോ. എ.ടി ദേവസ്യയോടുള്ള ആദര സൂചകമായി ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് അദ്ദേഹത്തിന്റെ പേരിൽ കാർബണ് ന്യൂട്രൽ ജൈവ വൈവിധ്യ പർക്ക് സ്ഥാപിക്കാനും ലക്ഷ്യമിടുന്ന പദ്ധതിക്കായി പത്തു ലക്ഷം രൂപയാണ് ചിലവിടുക.

ഡിഗ്രി സർട്ടിഫിക്കറ്റും മറ്റ് സർട്ടിഫിക്കറ്റുകളും അധിക ഫീസ് ചുമത്തി അപേക്ഷിക്കുന്ന ദിവസം തന്നെ ലഭ്യമാക്കുന്നതിനായാണ് എക്സ്പ്രസ്സ് ഡെലിവറി സംവിധാനം ഏർപ്പെടുത്തുന്നത്. ഇതിനായി പ്രത്യേക ഗ്രീൻ ചാനൽ ക്രമീകരിക്കും. ഈ പദ്ധതിക്കായി പത്തു ലക്ഷം രൂപ ചിലവിടും.

വ്യാവസായിക രംഗത്ത് മുതൽക്കൂട്ടാവുന്ന കണ്ടുപിടുത്തങ്ങൾ നടത്തുകയും നേതൃപാടവം പ്രകടിപ്പിക്കുകയും ചെയ്യുന്ന വിദ്യാർഥികൾക്ക് എം.ജി .യു ഇന്നൊവേഷൻ ഹബ് വഴി സംരംഭം ആരംഭിക്കുന്നതിനുള്ള ഭൗതിക സൗകര്യം ഏർപ്പെടുത്തുകയും ഗ്രേസ് മാർക്ക് നൽകുകയും ചെയ്യും. പ്രഫ. ജോസഫ് മുണ്ടശേരിയുടെ പേരു നൽകാൻ ഉദ്ദേശിക്കുന്ന പദ്ധതിക്കായി പത്തു ലക്ഷം രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർഥികളുടെ നൈപുണ്യ പരിപോഷണത്തിനുള്ള പദ്ധതിക്കായി അഞ്ചു ലക്ഷം രൂപ ചിലവിടും. അടുത്ത അക്കാദമിക വർഷം മുതൽ സർവകലാശാലയിലെ പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലും പ്രവേശനം നേടുന്ന വിദ്യാർഥികൾക്ക് സർവകലാശാലയുടെ വിവിധ സേവനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഇൻഫർമേഷൻ ബുക്ക് പ്രവേശന വേളയിൽതന്നെ നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി അഞ്ചു ലക്ഷം രൂപ ചിലവിടും.

ഇംപാക്ട് ഫാക്ടർ അഞ്ചിനു മുകളിലുള്ള അന്താരാഷ്ട്ര ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്ന സർവകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികളുടെ 10 ഗവേഷണ പ്രബന്ധങ്ങൾക്ക് ഭാരതരത്ന പ്രൊഫ.സി.എൻ.ആർ റാവുവിന്റെ പേരിൽ പതിനായിരം രൂപ വീതം ഇൻസെൻറീവും സർട്ടിഫിക്കറ്റും നൽകും.

കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച വികസന പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കാന് സാധിച്ചത് അഭിമാനകരമാണെന്ന് പ്രോ- വൈസ് ചാന്സലർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

അനധ്യാപക ജീവനക്കാരുടെ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി രണ്ടു കോടി രൂപയും അധ്യപകരുടെ ക്വാർട്ടേഴ്സിനായി ഒരു കോടി രൂപയും കാമ്പസിൽ പരിസ്ഥിതി സൗഹൃദ മാലിന്യ നിർമാർജ്ജന സംവിധാനം ഏർപ്പെടുത്തുന്നതിന് അൻപത് ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സർവകലാശാലാ കാമ്പസിലേക്കുള്ള പ്രധാന ഗേറ്റിന്റെയും കവാടത്തിന്റെയും നവീകരണം നടത്തി കവാടത്തിനു സമീപം ഗാന്ധിയുടെ പ്രതിമ സ്ഥാപിച്ച് മഹാത്മാ ഗേറ്റ് എന്ന് നാമാകരണം ചെയ്യും. ഇതിനായി അൻപതു ലക്ഷം രൂപ ചിലവിടും.

സമ്പൂർണ സൗരോർജ്ജ കാമ്പസ് പദ്ധതിക്ക് അഞ്ചു കോടി രൂപയും പ്രൊഫ. നരേന്ദ്ര പ്രസാദ് സ്മാരക ഇ - കോൺഫറൻസ് കം മൾട്ടിപർപ്പസ് ഹാളിനും ഡാറ്റാ സെന്റർ നവീകരണത്തിനും ഓരോ കോടി രൂപ വീതവും വകയിരുത്തി. സർവകലാശാല അസംബ്ലി ഹാൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൾട്ടിപർപ്പസ് ഹാളായി നവീകരിക്കുന്നതിനും തെരഞ്ഞെടുത്ത പഠന വകുപ്പുകളിൽ ഗസ്റ്റ് റൂം സൗകര്യം ഏർപ്പെടുത്തുന്നതിനും പരീക്ഷാ വിഭാഗത്തിലെ അഞ്ചാം നില പരീക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് അനുയോജ്യമായ വിധത്തിൽ നവീകരിക്കുന്നതിനും പുതിയ ഗസ്റ്റ് ഹൗസിന്റെ നിർമാണത്തിനും രണ്ടു കോടി രൂപ വീതവും മാറ്റിവച്ചിരിക്കുന്നു. നിലവിലെ ഗസ്റ്റ് ഹൗസിന്റെ അടിയന്തിര നവീകരണ പ്രവർത്തനങ്ങൾക്കും പ്രധാന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും 50 ലക്ഷം രൂപ വീതം ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

പരീക്ഷാ വിഭാഗത്തിലെ വനിതാ ജീവനക്കാർക്കായി റിട്ടയറിംഗ് റൂം സജ്ജീകരിക്കുകയും പരീക്ഷാ ഭവനു സമീപത്ത് ഇൻസിനറേറ്റര് സജ്ജമാക്കുകയും ചെയ്യും. ഇതിന് ഒരു കോടി രൂപയാണ് ചിലവ് കണക്കാക്കുന്നത്. ഹെൽത്ത് സെൻററിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി പത്ത് ലക്ഷം രൂപ ബജറ്റില് ഉൾക്കൊള്ളിച്ചിരിക്കുന്നു.

സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻറെ നേതൃത്വത്തിൽ ജീവനക്കാർക്ക് നിശ്ചിത ഇടവേളയില് കായികക്ഷമതാ പരിശോധന നടത്തി ഫിറ്റ്നെസ്സ് കാർഡ് നൽകൽ, സർവകലാശാലാ മൈതാനത്തിനു സമീപത്തുകൂടി കടന്നു പോവുന്ന റോഡിന് ഒളിമ്പ്യന് ഷൈനി വില്സന്റെ പേരില് കവാടം, പ്രധാന കെട്ടിടങ്ങളിൽ കുടിവെള്ള ഡിസ്പെൻസറുകൾ, പ്രധാന കവാടത്തിൽ എൽ.ഇ.ഡി ബോർഡ്, കാമ്പസ് അനൗൺസ്മെന്റ് സംവിധാനം, പഞ്ചിംഗ് സംവിധാനത്തിന്റെ പരിഷ്കരണം, താത്കാലിക ജീവനക്കാരുടെ നിയമനത്തിനായി സ്ഥിരം റിക്രൂട്ട്മെൻറ് പോർട്ടൽ
എന്നിവയ്ക്കായി പത്തു ലക്ഷം രൂപ വീതം ചിലവിടും.

സർവകലാശാലാ ലൈബ്രറിയില് 24 മണിക്കൂർ റീഡിംഗ് റൂം സൗകര്യവും കാമ്പസിലെ വിദ്യാർഥികൾക്കായി 24 മണിക്കൂർ മെഡിക്കൽ സൗകര്യവും ഉറപ്പാക്കും.

സർവകലാശാലാ ഐ. ടി. വിഭാഗത്തിൽ വേതന രഹിത ഇൻറേർൺഷിപ് പ്രോഗ്രാം നടപ്പിലാക്കും. യോഗ്യരായ അവസാന വർഷ വിദ്യാർഥികൾക്ക് ആറു മാസവും ഒരു വർഷവും ദൈർഘ്യമുള്ള ഇന്റേൺഷിപ്പുകൾക്ക് അവസരമൊരുക്കും.

യുനോയ 2023 അക്കാദമിക് കാർണിവലിന്റെ രണ്ടാം പതിപ്പായി യുനോയ 2.0 സംഘടിപ്പിക്കും. സർവകലാശാലയിലെ സ്ഥലവും ഭൗതികസാഹചര്യങ്ങളും ശാസ്ത്രീയമായി പരിശോധിക്കുന്നതിനും ഉപയോഗ യോഗ്യമാക്കുന്നതിനുമായി സ്പേസ് ഓഡിറ്റ് നടത്തും.

അഫിലിയേറ്റഡ് കോളേജുകൾ നടത്തുന്ന വിവിധ സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാമുകളെ സംബന്ധിച്ച അക്കാദമിക് റിപ്പോസിറ്ററി രൂപീകരിക്കും.

സർക്കാർ ധനസഹായത്തോടെ രാജ്യാന്തര സ്പോർട്സ് ഹബ്, സർവകലാശാലാ കാമ്പസിൽ നാഷണൽ സർവീസ് സ്കീം യൂണിറ്റ്, കായിക വികസനം ലക്ഷ്യമിട്ട് ഡയക്ടറേറ്റ് ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ, ലഹരിമുക്ത കാമ്പസ്, സർവകലാശാലാ വജിലൻസ് സംവിധാനം, ഗവേഷണ ഫലങ്ങൾ സംരംഭങ്ങളാക്കി മാറ്റുന്നതിന് ബിസിനസ് ഇൻ ക്യുബേഷന് ആന്റ് ഇന്നൊവേഷൻ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വിജ്ഞാന ശ്രൃംഖല, ഡിജിറ്റൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ, സേവനാവകാശ രേഖ എന്നിവയും ബജറ്റ് വിഭാവനം ചെയ്യുന്നു.

സിൻഡിക്കേറ്റ് അംഗങ്ങളായ ജോബ് മൈക്കിൽ എം.എൽ.എ, ഡോ. ബിജു തോമസ്, പി. ഹരികൃഷ്ണൻ, അഡ്വ. റെജി സക്കറിയ, സർവകലാശാലാ ഫിനാൻസ് ഓഫീസര് ബിജു മാത്യു എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

(പി.ആർ.ഒ./39/1796/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ബി.എസ്.സി എം.എൽ.ടി ഒന്നാം വർഷം മുതൽ നാലാം വർഷം വരെയുള്ള സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾക്ക്(2008ന് മുൻപുള്ള അഡ്മിഷൻ) ജനുവരി 23 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ജനുവരി 24നും സൂപ്പർ ഫൈനോടുകൂടി 27നും അപേക്ഷ സ്വീകരിക്കും.

..........................

മൂലമറ്റം സെന്റ് ജോസഫ് അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ ആന്റ് റിസർച്ചിലെ രണ്ടാം സെമസ്റ്റർ എം.പി.എഡ് വിദ്യാർഥികൾക്കായി ഡിസംബർ എട്ടിന് നടത്താനിരുന്ന ഹെൽത്ത് ആന്റ് ഫിറ്റ്നെസ് എജ്യുക്കേഷൻ സപ്ലിമെന്ററി പരീക്ഷ ജനുവരി 16ന് നടക്കും. ജനുവരി ഒൻപതു വരെ അപേക്ഷ സ്വീകരിക്കും.

....................

ബി.എസ്.സി എം.ആർ.ടി ഡിഗ്രി ഒന്നാം വർഷം മുതൽ മൂന്നാം വർഷം വരെയുള്ള സപ്ലിമെന്ററി, ഒന്നും രണ്ടും മെഴ്സി ചാൻസ് പരീക്ഷകൾക്ക് ജനുവരി 23 വരെ അപേക്ഷ നൽകാം. ഫൈനോടുകൂടി ജനുവരി 24നും സൂപ്പർ ഫൈനോടുകൂടി 25നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ./39/17 97/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് കോർ/ കോംപ്ലിമെന്ററി(ന്യൂ സ്കീം 2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017, 2018, 2019, 2020 അഡ്മിഷൻ റീ അപ്പിയറൻസ് ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി നാലു മുതൽ അതത് കോളജുകളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

..................

രണ്ടാം സെമസ്റ്റർ ബി.എസ്.സി മൈക്രോബയോളജി(കോർ/സപ്ലിമെന്ററി മോഡൽ 3, സി.ബി.സി.എസ് 2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ

2020 വരെയുള്ള അഡ്മിഷനുകൾ റീ അപ്പിയറൻസ് നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി നാല് മുതൽ നടത്തും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.
(പി.ആർ.ഒ./39/17 98/2022)

## പരീക്ഷാ ഫലം

പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ എൽ.എൽ.ബി(ഓണേഴ്സ്) രണ്ടാം സെമസ്റ്റർ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/179 9/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**